**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

**തദ്ദേശ സ്വയംഭരണ വകുപ്പ് - നിറുത്തലാക്കിയതും നിലവിലുള്ളതുമായ വിവിധ വികസന അതോറിറ്റികൾവഴിയായി ദുർബലവിഭാഗക്കാർക്ക് 1996 ന് മുൻപ് അനുവദിച്ച ഭവന നിർമ്മാണ വായ്പാകുടിശ്ശിക മുതലും, പലിശയും പിഴപ്പലിശയും ഉൾപ്പെടെ കടബാദ്ധ്യത എഴുതിതള്ളി പണയാധാരങ്ങൾ തിരിച്ചു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(എം.എസ്)222/2009/തസ്വഭവ. തിരുവനന്തപുരം, തീയ്യതി 21/11/2009.**

---

**പരാമർശം:**
1. 2009 - 2010 ലെ ബഡ്ജറ്റ് പ്രസംഗം.
2. സ.ഉ (എം.എസ്) 21/09/ഭവനം, തീയതി.20/5/2009.
3. വിശാലകൊച്ചി വികസന അതോറിറ്റി സെക്രട്ടറിയുടെ 30/6/2009 ലെ 3021/എൽ.8/ലോൺ/ജിസിഡിഎ നമ്പർ കത്ത്.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 19/8/2009 ലെ ആർ1/1929/ട്രിഡ നമ്പർ കത്ത്.
5. കേരള നഗര ഗ്രാമവികസന ധനകാര്യകോർപ്പറേഷൻ എം.ഡിയുടെ 18/7/2009 ലെ കെ.യു.ആർ.ഡി.എഫ്.സി/ഡിഡിഎ/കുടിശ്ശിക/06 നമ്പർ കത്ത്.
6. നഗരകാര്യ ഡയറക്ടറുടെ 2/7/2009 ലെ ഡി.സി.4-15958/09 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ പുന.സംഘടനയുമായി ബന്ധപ്പെട്ട് 2009-2010 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 171-ാം ഖണ്ഡികയിൽ ദുർബല വിഭാഗത്തിൽപ്പെട്ടവരുടെ വായ്പാകുടിശ്ശിക എഴുതിതള്ളുന്നത് സംബന്ധിച്ച് താഴെ പറയും പ്രകാരം പ്രഖ്യാപിച്ചിരുന്നു "ഈ പാക്കേജിന്റെ ഭാഗമായി ദുർബ്ബല വിഭാഗങ്ങൾക്കുവേണ്ടി 1996 കാലത്ത് ഹൗസിംഗ് ബോർഡ് വഴി നടപ്പാക്കിയ 12 സ്കീമുകളിൽ നിന്നുള്ള 117 കോടി രൂപ എഴുതിത്തള്ളുന്നതാണ്. ജില്ലാകളക്ടർ വഴി നടപ്പാക്കിയ സ്കീമുകളിൽ നിന്ന് 31 കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട്. രോഗികൾക്കും അശരണർക്കും 23 കോടി രൂപയുടെ ആനുകൂല്യം നൽകിയിട്ടുണ്ട്. 183 കോടി രൂപയുടെ ഈ കട ബാദ്ധ്യതകൾ എഴുതിത്തള്ളും നിലവിലുള്ളതും നേരത്തെ പ്രവർത്തനം നിർത്തിയതുമായ വികസന അതോറിറ്റികൾ ദുർബ്ബല ജന വിഭാഗങ്ങൾക്കു വേണ്ടി 1996 ന് മുമ്പ് നൽകിയ ഭവന വായ്പ കുടിശ്ശികയും എഴുതിത്തള്ളുന്നു. ഇതോടെ 41500 പേർക്ക് തങ്ങളുടെ പണയാധാരങ്ങൾ തിരിച്ചുകിട്ടും."

മേൽ ഖണ്ഡികയിൽ സൂചിപ്പിച്ചിരിക്കുന്ന 2009-10 ലെ ബഡ്ജറ്റ് പ്രസംഗത്തിലെ 171-ാം ഖണ്ഡികയിലെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം രണ്ടിലെ സർക്കാർ ഉത്തരവ് പ്രകാരം ദുർബല വിഭാഗക്കാർക്കുവേണ്ടി ഭവന നിർമ്മാണ ബോർഡ് വഴിയും ജില്ലാ കളക്ടർമാർ വഴിയും നടപ്പിലാക്കിയ സ്കീമുകളിൽ പിരിഞ്ഞു കിട്ടാനുള്ള തുകയും രോഗികളും അശരണരുമായ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനാവശ്യമായ തുകയും ഉൾപ്പെടെ 183 കോടി രൂപയുടെ കടബാദ്ധ്യത എഴുതിത്തള്ളി 41500 പേരുടെ പണയാധാരങ്ങൾ തിരിച്ചു നൽകാൻ അനുമതി നൽകി ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ നിലവിലുള്ളതും നേരത്തേ പ്രവർത്തനം നിർത്തിയതുമായ വികസന അതോറിറ്റികൾ ദുർബ്ബല ജന വിഭാഗങ്ങൾക്കു വേണ്ടി 1996 നു മുമ്പ് നൽകിയ ഭവന വായ്പാ കുടിശ്ശിക എഴുതിത്തള്ളുന്നതു സംബന്ധിച്ച തുടർ നടപടികൾ തദ്ദേശ സ്വയംഭരണ വകുപ്പ് സ്വീകരിക്കുന്നതാണ്എന്നും ഉത്തരവായിരുന്നു.

ആയതനുസരിച്ച് വിശാലകൊച്ചി വികസന അതോറിറ്റി, കേരള നഗര ഗ്രാമവികസന ധനകാര്യകോർപ്പറേഷൻ, തിരുവനന്തപുരം വികസന അതോറിറ്റി എന്നീ സ്ഥാപനങ്ങളിലെ തലവന്മാർ പരാമർശം 3-5 വരെയുള്ള കത്തുകൾ പ്രകാരം സമർപ്പിച്ച ദുർബല വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ ഭവനവായ്പാ കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| സ്ഥാപനത്തിന്റെ പേര്. | പലിശ. | മുതൽ | പിഴപ്പലിശ. | 30/9/2009 വരെയുള്ള കുടിശ്ശിക |
|---|---|---|---|---|
| വിശാലകൊച്ചി വികസന അതോറിറ്റി | 6636379 രൂപ | 5211350 രൂപ. | 13100458 രൂപ | 24948197 രൂപ |
| കേരള നഗര ഗ്രാമവികസന ധനകാര്യകോർപ്പറേഷൻ | 6293176 രൂപ | 2489583 രൂപ | 2418478 രൂപ | 11201237 രൂപ |
| തിരുവനന്തപുരം വികസന അതോറിറ്റി | 1596822 രൂപ | 416462 രൂപ | 935156 രൂപ | 2948440 രൂപ |
| ആകെ | 14526377 രൂപ | 8117395 രൂപ | 16454092 രൂപ | 39097874 രൂപ |

നഗരകാര്യ ഡയറക്ടർ പരാമർശം ആറിലെ കത്തുപ്രകാരം കോട്ടയം, കണ്ണൂർ, കാസർഗോഡ്, പയ്യന്നൂർ, തലശ്ശേരി, കോഴിക്കോട്, പാലക്കാട് നഗരസഭകൾ വഴിയായി ദുർബലവിഭാഗങ്ങൾക്ക് നൽകിയിട്ടുള്ള വായ്പയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയത് താഴെ ചേർത്തിരിക്കുന്നു.

| സ്ഥാപനത്തിന്റെ പേര്. | പലിശ. | മുതൽ | പിഴപ്പലിശ. | 30/9/2009 വരെയുള്ള കുടിശ്ശിക |
|---|---|---|---|---|
| കോട്ടയം | 61624 രൂപ | 14977 രൂപ | 3087 രൂപ | 79688 രൂപ |
| കണ്ണൂർ | 16418 രൂപ | 11370 രൂപ | 35716 രൂപ | 63503 രൂപ |
| കാസർഗോഡ് | 93366 രൂപ | 86150 രൂപ | 6528 രൂപ | 186044 രൂപ |
| തലശ്ശേരി | 19281 രൂപ | 31407 രൂപ | 14925 രൂപ | 65613 രൂപ |
| കോഴിക്കോട് | 9100247 രൂപ | 12489439 രൂപ . | 5152048 രൂപ | 26741734 രൂപ |
| ആകെ | 9290936 രൂപ | 12633343 രൂപ | 5213304 രൂപ | 27136582 രൂപ |

ഈ വിശദാംശങ്ങൾക്കു പുറമെ നഗരകാര്യ ഡയറക്ടർ പയ്യന്നൂർ, പാലക്കാട് മുനിസിപ്പാലിറ്റികളിൽ നിന്നായി താഴെ ചേർത്തിരിക്കുന്ന വിധത്തിൽ വായ്പാകുടിശ്ശിക എഴുതിതള്ളുന്നതിനും ശുപാർശ ചെയ്തിട്ടുണ്ട്.

| സ്ഥാപനത്തിന്റെ പേര്. | പലിശ. | മുതൽ | പിഴപ്പലിശ. | 30/9/2009 വരെയുള്ള കുടിശ്ശിക |
|---|---|---|---|---|
| പയ്യന്നൂർ മുനിസിപ്പാലിറ്റി | 7869 രൂപ | 7154 രൂപ | 944 രൂപ | 15967 രൂപ |
| പാലക്കാട് മുനിസിപ്പാലിറ്റി | 43091 രൂപ | 28813 രൂപ | 72569 രൂപ | 144473 രൂപ |
| ആകെ | 50960 രൂപ | 35967 രൂപ | 73513 രൂപ | 160440 രൂപ |

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു 2009-10 ലെ ബഡ്ജറ്റ് പ്രസംഗത്തിലെ 171-ാം ഖണ്ഡികയിലെ ദുർബല വിഭാഗക്കാരുടെ ഭവനവായ്പാകുടിശ്ശിക എഴുതിതള്ളുന്നതുമായി ബന്ധപ്പെട്ട് 1996 ന് മുൻപായി ദുർബല വിഭാഗക്കാർക്കുള്ള ഭവന പദ്ധതി (ഇ.ഡബ്ളിയു.എസ് സ്കീമിൽ) ഉൾപ്പെടുത്തി വിശാല കൊച്ചി വികസന അതോറിറ്റി, തിരുവനന്തപുരം വികസന അതോറിറ്റി, കേരള നഗര ഗ്രാമ വികസന ധനകാര്യകോർപ്പറേഷൻ, നഗരകാര്യ ഡയറക്ടർ എന്നിവർ പരാമർശം മൂന്നുമുതൽ ആറുവരെ സമർപ്പിച്ചിട്ടുള്ള വിശദാംശങ്ങൾ അനുസരിച്ച് താഴെ ചേർത്തിരിക്കുന്ന തുകകൾ എഴുതിത്തള്ളുന്നതിനും പണയാധാരങ്ങൾ തിരികെ നൽകുന്നതിനും അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

| സ്ഥാപനത്തിന്റെ പേര് | തുക |
|---|---|
| വിശാലകൊച്ചി വികസന അതോറിറ്റി | 24948197 രൂപ (രണ്ട് കോടി നാൽപത്തി ഒൻപത് ലക്ഷത്തി നാൽപത്തിയെണ്ണായിരത്തി ഒരുനൂറ്റി തൊണ്ണൂറ്റി ഏഴ് രൂപ മാത്രം) |
| കേരള നഗര ഗ്രാമവികസന ധനകാര്യകോർപ്പറേഷൻ | 11201237 രൂപ ( ഒരു കോടി പന്ത്രണ്ടു ലക്ഷത്തി ആയിരത്തി ഇരുനൂറ്റി മുപ്പത്തി ഏഴ് രൂപ മാത്രം) |
| തിരുവനന്തപുരം വികസന അതോറിറ്റി | 2948440 രൂപ (ഇരുപത്തി ഒൻപതു ലക്ഷത്തി നാൽപത്തിയെണ്ണായിരത്തി നാന്നൂറ്റി നാൽപത് രൂപ മാത്രം) |
| നഗരകാര്യ ഡയറക്ടർ | 27297022 രൂപ (രണ്ട് കോടി എഴുപത്തിരണ്ട് ലക്ഷത്തി തൊണ്ണൂറ്റിഏഴായിരത്തി ഇരുപത്തി രണ്ട് രൂപ മാത്രം) |
| ആകെ | 66394896 രൂപ (ആറു കോടി അറുപത്തിമൂന്ന് ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി ആറ് രൂപ മാത്രം) |

ദുർബല വിഭാഗത്തിൽപ്പെടുന്ന അർഹരായ വായ്പ ഗുണഭോക്താക്കളുടെ വായ്പാകുടിശ്ശിക എഴുതിതള്ളി അവരുടെ പണയാധാരങ്ങൾ തിരികെ നൽകുമ്പോൾ ബന്ധപ്പെട്ട സ്ഥാപനം ഓരോ ഗുണഭോക്താവിന്റേയും പേരിൽ എഴുതിതള്ളിയ തുകയുടെ വിശദമായ കണക്ക് ഗുണഭോക്താക്കളുടെ മേൽവിലാസം സഹിതം പ്രത്യേകം സൂക്ഷിക്കേണ്ടതും യഥാകാലം സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച എല്ലാ നടപടിക്രമങ്ങളും മൂന്ന് മാസത്തിനകം പൂർത്തിയാക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പി.കൃഷ്ണപിള്ള
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ തിരുവനന്തപുരം
സെക്രട്ടറി, വിശാലകൊച്ചി വികസന അതോറിറ്റി, തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള നഗര ഗ്രാമവികസന ധനകാര്യകോർപ്പറേഷൻ.
സെക്രട്ടറി കോഴിക്കോട് കോർപ്പറേഷൻ.
സെക്രട്ടറി, കോട്ടയം, കണ്ണൂർ, കാസറഗോഡ്, പയ്യന്നൂർ, തലശ്ശേരി, പാലക്കാട് മുനിസിപ്പാലിറ്റികൾ (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ &ഇ),കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പിന് (69848/ഡെവ.3/09/ധന തീയതി.27/10/2009 പ്രകാരം)
ഭവന വകുപ്പിന്.
ഇൻഫർമേഷൻ ആന്റ് പബ്ളിക്റിലേഷൻ വകുപ്പിന് (പത്രമാധ്യമങ്ങളിലൂടെ പ്രചാരണം നൽകുന്നതിന്)
ഡയറക്ടർ ഇൻഫർമേഷൻ കേരളമിഷൻ പാങ്ങപ്പാറ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. ധനകാര്യവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്.
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്